# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6169** **04.07.2019-ൽ മറുപടിയ്ക്ക്**

## പൊഴിയൂരിൽ അനുവദിച്ച പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂരിൽ 2019-20 സാമ്പത്തിക വർഷത്തിൽ മത്സ്യബന്ധന വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികൾക്കാണ് പ്രൊപ്പോസൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | എ) 2019-20 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂരിൽ ഫിഷറീസ് വകുപ്പിൽ നിന്നും പുതിയ പ്രൊപ്പാസലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല. പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതനുസരിച്ച് Investigation & data collection പൂർത്തീകരിച്ച് മോഡൽ സ്റ്റഡിയ്ക്കായുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| ബി) 2018-19 സാമ്പത്തിക വർഷത്തിൽ പൊഴിയൂരിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വിശദീകരിക്കുമോ; | ബി) 2018-19 സാമ്പത്തിക വർഷത്തിൽ കുളത്തൂർ-കാരോട് പഞ്ചായത്തിൽ 128 വ്യക്തിഗത ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് വ്യക്തിഗത ഫ്ളാറ്റ് ഒന്നിന് 10.00 ലക്ഷം രൂപ കണക്കിൽ 12.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പൊഴിയൂരിലെ കാരോട് പഞ്ചായത്തിലെ ഉണ്ടുവിള നടപ്പാതയുടെ നിർമ്മാണത്തിനായി 6.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) 2016 മുതൽ പൊഴിയൂരിൽ മത്സ്യബന്ധന വകുപ്പ് എത്ര തുകയാണ് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ? | സി) 2016 മുതൽ പൊഴിയൂരിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശറോഡുകളുടെ നിലവാരമുയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 123.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

Sheeba

**സെക്ഷൻ ആഫീസർ**